# ലഹരി, ലഹരി, ലഹരി

**സുധീർ പണിക്കവീട്ടിൽ**

## (കേരളത്തിലെ മദ്യ നിരോധനം ഒരു രാഷ്ട്രീയ പ്രഹസനം)

എന്തിനോടെങ്കിലും ലഹരിയില്ലെങ്കിൽ പിന്നെ ഈ ജീവിതം എന്തിനു. ഈ ലേഖകനു ലഹരി അക്ഷരങ്ങളും സുന്ദരിമാരുമാണ്. കൂട്ടുകാരിൽ ചിലർക്ക് ജോണിവാക്കറാണു, മുന്തിയ തരം വീഞ്ഞാണ്, പണമാണു, പന്തയങ്ങളു, ചൂതുകളികളുമാണ്. ചിലർക്ക് ലഹരി ഭക്തിയാണ്, കൂടുതലും കപട ഭക്തി. മദ്യവും മദിരാക്ഷിയും എന്നും പുരുഷധമനികളെ ലഹരി പിടിപ്പിച്ചിട്ടുണ്ട്. ഒരു ഹിന്ദി ഗാനം ഓർമ്മ വരുന്നു. അതിലെ ചില വരികൾ വായനക്കാർക്ക് വേണ്ടി പരിഭാഷ ചെയ്യട്ടെ. മൃദുലമായ നിന്റെ ചുണ്ടുകളിൽ ഇത ് (വീഞ്ഞ്) മുട്ടിക്കു, ഇത് വേറെയൊന്നുമല്ല. ഇത് പ്രക്രുതിയുടെ സമ്മാനങ്ങളിൽ ഏറ്റവും സുന്ദരമായതാണ്. യൗവ്വനത്തിന്റെ വർണ്ണശബളമായ ഈ നിമിഷങ്ങളെ ലജ്ജകൊണ്ട് നഷ്ടപ്പെടുത്തികളയല്ലേ. എല്ലാ നല്ല കാര്യങ്ങളും ചീത്തയാണെന്നു സ്ഥാപിക്കുക ലോകത്തിന്റെ എന്നുമുള്ള ഒരു സ്വഭാവമാണു. പേരുദോഷം ഉണ്ടാക്കുന്നവനെങ്കിലും അനുഗ്രഹിക്കപ്പെട്ടവനായി ഇവനെ കയ്യിലെടുക്കുക, കുടിക്കുക. മധുശാലകളിൽ ദുഖങ്ങളെ ഒഴുക്കികളയുന്നവരെ വെറുതെ വിടുന്നത് നല്ലത്. അവർ സമൂഹത്തിനു ദ്രോഹമൊന്നും ചെയ്യുന്നില്ലെങ്കിൽ. അല്ലെങ്കിലും മദ്യത്തെ സ്നേഹിക്കുന്നവൻ മറ്റുള്ളവർക്ക് അപകടകാരിയല്ല. അവർക്ക് ലഹരി നൽകുന്ന ക്ഷണികമായ ലോകത്തിൽ അനുഭൂതി ഉൾകൊണ്ട് കഴിയുന്നു. ഏതോ ഒരു എഴുത്തുകാരൻ അതു കൊണ്ടാണു മധുപാനത്തെ കുറിച്ച് ഇങ്ങനെ എഴുതി വച്ചത് " കണ്ണുനീരിന്റെ താഴ്‌വരകളിൽ നിന്ന് സുഖമുള്ള ഒരു മറവി" എന്ന്.

ജീവിത നൈരാശ്യം കൊണ്ട് കുടിക്കുന്നവർ, രോഗത്തിന്റെ വേദനയിൽ നിന്നും രക്ഷപ്പെടാൻ കുടിക്കുന്നവർ, വെറുതെ ഒരു രസത്തിനു വേണ്ടി കുടിക്കുന്നവർ, പണവും പ്രതാപവും പ്രകടിപ്പിക്കാൻ കുടിക്കുന്നവർ, എന്തെങ്കിലും ക്രൂരക്രുത്യം ചെയ്യാൻ കുടിക്കുന്നവർ അങ്ങനെ പല ജാതി കുടിയന്മാർ ഉണ്ട്. ഇവരിൽ അവസാനം പറഞ്ഞവർ അപകടകാരികളാണു. എന്നാൽ അവർക്ക് വേണ്ടി എന്തിനാണു "മനുഷ്യൻ മൂകനായിരിക്കുന്നത് കണ്ട്" അവനു പ്രക്രുതി സ്നേഹത്താടെ സമ്മാനിച്ച ഈ ദ്രാക്ഷാമാധൂരി നിഷേധിക്കുന്നത്". മുന്തിരി വിളവിന്റേയും, മുന്തിരിച്ചാറിന്റെയും, മതപരമായ ഉല്ലാസ ചടങ്ങകളുടേയും, ആചാരഉന്മത്തതയുടേയും ദേവനായി ഡയോനിസിനെ ഗ്രീക്കുകാരും റോമൻകാരും ആരാധിച്ചിരുന്നു. പണ്ട് കാലം മുതലേ ലഹരി മനുഷ്യന്റെ ബലഹീനതയായിരുന്നു. നിമിഷാർദ്ധമെങ്കിലും അത് നൽകുന്ന അനുഭൂതി അവനെ അടിമയാക്കിയിരുന്നു. ലോകത്തിലെ എല്ലാ പുരാണങ്ങളിലും മനുഷ്യൻ മധു നുകർന്നിരുന്ന കഥകൾ ഉണ്ട്. പെണ്ണുങ്ങൾ ഇതിൽ കടന്നു കൂടിയത് അവരുടെ ചുണ്ടുകളിൽ ദൈവം അമ്രുത് പുരട്ടിയത്കൊണ്ടായിരിക്കും. ലഹരി വേണമെന്നുള്ളപ്പോൾ കള്ളിന്റെ പുറകെ പോകാതെ കന്യകമാരുടെ അല്ലെങ്കിൽ സ്ത്രീയുടെ ചുണ്ടുകൾ

തേടുന്നത് നല്ലതായിരിക്കും. സ്വന്തമായി അങ്ങനെ "പെൺ ചുണ്ടുകൾ" നേടാത്തവർ പെണ്ണിൻെറ ചുണ്ടും തേടി പോകുന്നത് അനാശസ്യമായി തീരുന്നത്കൊണ്ട് മര്യാദ്ക്കാർ തൽക്കാലം ഷാപ്പിൽ കയറി കള്ളും, കപ്പയും മീനും കഴിച്ച് സുഖമായി പാട്ടും പാടി വീട്ടിൽ പോകുന്നു. ചിലർ അവരുടെ ബാല്യ കാലങ്ങൾ ഓർമ്മിച്ച് നാലു കാലിൽ പോകുന്നു, ചിലർ അവരെ ഈ നരകത്തിലേക്ക് തള്ളിയിടാൻ കാരണക്കാരനായ പാമ്പിനെ പോലെ ഇഴഞ്ഞ് പോകുന്നു. പാമ്പ് മനുഷ്യൻെറ സന്തത സഹചാരിയാണു. സ്കാൻഡിനേവിയൻ പുരാണങ്ങളിൽ കള്ളടിച്ച് ബഹളം കൂട്ടിയ ഒരുവനെ നഗ്നനാക്കി അവൻെറ മേൽ ഒരു ഇരിപ്പടം ഉണ്ടാക്കി വിഷം ചൊരിയുന്ന ഒരു പാമ്പിനെ സ്ഥാപിച്ചു. ആ പാവം മനുഷ്യൻെറ ഭാര്യ ഒരു പാത്രത്തിൽ പാമ്പ് ഒഴുക്കുന്ന വിഷം ശേഖരിച്ച് ഭർത്താവിൻെറ മേൽ വീഴാതെ സൂക്ഷിച്ചു. എന്നാൽ ആ പാത്രം നിറയുമ്പോൾ അവർക്ക് അത് ഒഴിച്ച് കളയണമായിരുന്നു. ആ നിമിഷം വിഷം കുറേശ്ശെ ആ മനുഷ്യൻെറ മേൽ വീഴും. കഷ്ടം ഇന്നും ഭാര്യമാർക്ക് ഭർത്താവ് വാളു വക്കുന്നത് കോരാനുള്ള ദുർവ്വിധി.

മധുപാനം വളരെ സന്തോഷത്തോടെ മനുഷ്യരും ദേവന്മാരും കൊണ്ടാടിയ ഒരു വിനോദമാണു്. ഒരു കഷണം അപ്പവും, ഒരു തുടം വീഞ്ഞും, പാടാൻ അരികിൽ ഒരു സുന്ദരിയും ഏത് വന്യ വിജനതയേയും പറുദീസയാക്കുമെന്ന് ഒരു കവി പാടിയിട്ടുണ്ട്. സ്കാൻഡിനേവിയൻ പുരാണങ്ങളിലേക്ക് വീണ്ടും എത്തിനോക്കുക. അതിലൊന്നിൽ ശൈത്യകാലങ്ങളിൽ ബീർ വാറ്റിയെടുത്ത് വിശിഷ്ടതിഥികളെ വിളിച്ച് വരുത്തി ഒരു വിരുന്ന് നടത്തുന്ന ഏർപ്പാടുണ്ടായിരുന്നു. അത്തരം വിരുന്നിൽ അതിഥികൾ ഒരുമിച്ച് കൂടുന്ന മുറിയിൽ വിളക്കുകൾ കത്തിച്ച് വച്ചിരുന്നില്ല. അവിടെ തറയിൽ സ്വർണ്ണനാണ്യങ്ങൾ വിതറിയിടുമായിരുന്നു. അതിൽ നിന്നും ഒളിമിന്നുന്ന കാന്തിയിൽ മുറിയാകെ പ്രകാശം പരന്നിരുന്നു. അതിഥികൾക്ക് കുടിക്കാൻ മാന്ത്രിക ചഷകങ്ങൾ നൽകിയിരുന്നു. ഒഴിയുമ്പോൾ തന്നത്താൻ അത്തരം ചഷകങ്ങളിൽ ബീർ നിറഞ്ഞ്കൊണ്ടിരിക്കും. വിശ്വസ്തരായ ഭ്രുത്യന്മാർ അവർക്കെല്ലാം ആഹാരം വിളമ്പിയിരുന്നു. ഇത്തരം ആഘോഷങ്ങളിൽ ദേവലോകത്ത് നിന്നും ദേവന്മർ ഇറങ്ങി വന്ന് മനുഷ്യർക്കൊപ്പം ബീർ കുടിച്ചിരുന്നു. അങ്ങനെ ഒരു വിരുന്ന് ആഘോഷവേളയിൽ കുടിച്ച് പൂക്കുറ്റിയായ രണ്ടാളുകൾ ഭ്രുത്യന്മാരെ പുകഴ്ത്തി സംസാരിച്ചു. അത് ഒരു കുബേര ദൈവത്തിൻെറ മകനു രസിച്ചില്ല. അയാൾ പ്രശംസ ചൊരിഞ്ഞവരിൽ ഒരുവനെ കൊന്നു അന്ന് തുടങ്ങി ലഹരി മൂക്കുമ്പോൾ മനുഷ്യർ സമനില വിടുകയും കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന പുലിവാലുകൾ. .

മദ്യം എന്നു മുതലാണു ചീത്തയായതും വിഷമായതും. രാഷ്ട്രീയം ഇടപെട്ടപ്പോൾ. കള്ളിമുണ്ടുടുത്ത സുന്ദരിമാർ "ഓമൽ കൈവള കിലുക്കുമാറ് ( ഒപ്പം മാറും കിലുക്കി) കക്കയിറച്ചിയും, കരിമീനും കള്ളും വിളമ്പികൊടുത്തത് കുടിച്ച് ആനന്ദലബ്ധിക്കിനിയെന്തു വേണമെന്ന് പാടി നടന്ന ഒരു കാലം കേരളീയനുണ്ടായിരുന്നു. അന്നവർ ജീവിതം ആഘോഷമാക്കി. പിന്നെ കാലം ചെല്ലുന്തോറും വിലക്കുകളും, നിരോധനങ്ങളും വന്നപ്പോൾ മദ്യം വിഷമായി തുടങ്ങി. എട്ടുകാലിയും, തേളും, ബാറ്ററിയുമൊക്കെ കൂട്ടി കലർത്തി ഊറ്റിയെടുത്ത രാസപാനീയങ്ങളിൽ പാവം കേരളീയൻെറ കണ്ണും കരളും ഉരുകിപോയി. തെങ്ങോലകൾ കാറ്റിൽ പറത്തി നീണ്ടു നിവർന്നു നിന്ന കൽപ്പക വ്രുക്ഷങ്ങൾ പകർന്ന മരനീരാഹാരം അന്തിയാവോളം പണിയെടുക്കുന്നവനു താങ്ങും തണലുമായിരുന്നു. മദ്യം ഉപയോഗിച്ചാൽ അക്രമം പ്രവർത്തിക്കുമെന്ന ഒരു ഓലപാമ്പിനെ

കാട്ടി മുഴുവൻ ജനങ്ങളേയും കബളിപ്പിക്കയാണു സർക്കാർ ചെയ്യുന്നത്. അതു കൊണ്ട് ദോഷമല്ലാതെ ഗുണമുണ്ടാകാൻ പോകുന്നില്ല. ലഹരിക്ക് വേണ്ടിയുള്ള മനുഷ്യൻെറ കൊതി പണ്ടു മുതലേ ഉണ്ടായിരുന്നു. മദ്യ ലഹരികൊണ്ട് കലഹങ്ങളും ഉണ്ടായിരുന്നു. അന്ന് പുരുഷന്മാർ മാത്രമല്ല കുടിച്ചിരുന്നത് സ്ത്രീകളും കുടിച്ചിരുന്നു. യമുന നദിയുടെ തീരത്ത് വച്ച് ക്രുഷ്ണനനും, അർജുനനും മധുപാനം നടത്തിയപ്പോൾ ദ്രൗപതിയും, സുഭദ്രയും അവരുടെ തോഴിമാരും ഈ സുധാരസം കോരി കോരി കുടിച്ചതായി കാണുന്നു. ക്രുഷ്ണൻെറ സഹോദരൻ ബലരാമൻ ഭാര്യ രേവതിയുടെ കരിമഷിയെഴുതിയ കണ്ണുകൾ പതിഞ്ഞ മദിര ആവോളം കുടിച്ചാനന്ദിക്കുന്നതായും എഴുതിവച്ചിട്ടുണ്ട്. മനുസ്മ്രുതികൾ വന്നപ്പോൾ സ്ത്രീകൾക്ക് കുടിക്കാനുള്ള സ്വാതന്ത്ര്യം എടുത്ത് കളഞ്ഞിരുന്നു. കൂടാതെ ഈ നിയന്ത്രണം ചില ജാതികൾക്കും വന്നു. ബ്രാഹ്മണനു മദ്യം കുടിക്കാനോ അതെക്കുറിച്ച് ചിന്തിക്കാനോ അവകാശമുണ്ടായിരുന്നില്ല. പുരാതന ഭാരതത്തിൽ മദ്യത്തിനെ പല പേരുകൾ കൊണ്ട് സമ്പന്നമാക്കിയിരുന്നു. അവ ആസവം, മധു, മദിര, സുര, സോമ, വരുണി, കാദംബരി എന്നിവയായിരുന്നു. സിന്ധു നദിതട സംസ്കാരത്തിൻെറ അവശിഷ്ടങ്ങളിൽ കാണുന്നത് നെല്ല്, ഗോതമ്പ്, കരിമ്പ്,മുന്തിരി,മറ്റു പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും വാറ്റിയെടുത്ത സുര എന്ന ലഹരി അവർ ആസ്വദിച്ചിരുന്നതാണു്. വാറ്റ്മദ്യത്തിൻെറ ഗുണങ്ങളേയും അതേസമയം അമിത ലഹരിയുടെ ദോഷങ്ങളേയും കുറിച്ച് ആയുർവ്വേദം പഠിപ്പിക്കുന്നുണ്ട്.

പണക്കാരനു മാത്രം കുടിക്കാൻ സൗകര്യമുണ്ടാക്കി കൊടുക്കുക എന്ന ഇപ്പോഴത്തെ സർക്കാർ നയം ശരിയല്ല. ഒന്നുകിൽ പൂർണ്ണ മദ്യ നിരോധനം അല്ലെങ്കിൽ എല്ലായിടത്തും യ്ഥേഷ്ടം മദ്യം ലഭിക്കുന്ന സംവിധാനം. അല്ലാതെ തങ്ങളുടെ കീശയിൽ കാശ് വീഴുന്നിടം മദ്യം ലഭിക്കുന്ന സ്ഥലം എന്ന പ്രമാണം സ്വതന്ത്ര ഭാരതം എന്ന് അവകാശപ്പേടുന്നവർക്ക് ലജ്ജാകരമാണു. മദ്യം മനുഷ്യ്നു ഓർമ്മ വച്ച നാൾ മുതൽ ഉണ്ടായിരുന്നു. ഉണ്ടാകും. കേരളത്തിൽ മാത്രം സർക്കാർ സീറ്റിൽ ഇരിക്കുന്നവർക്ക് പൊതുജനത്തിൻെറ ആരോഗ്യത്തിലും കുടുംബ് ക്ഷേമത്തിലും ഇത്രമാത്രം ശുഷ്ക്കാന്തി എന്തിനെന്നറിയില്ല. മനുഷ്യ ജീവിതം സുഗമമാക്കാൻ വേറെ എത്രയോ മാർഗ്ഗങ്ങൾ കിടക്കുന്നു. അതിലൊന്നും ശ്രദ്ധിക്കാതെ സാധാരണക്കാരൻെറ വായിൽ മണ്ണിടുന്ന ഈ നിയമം രാഷ്ട്രീയക്കാരൻെറ കീശ വീർപ്പിക്കാനുള്ള വെറും ചെപ്പടി വിദ്യ മാത്രം.

അമിതമായി മദ്യം ഉപയോഗിക്കുന്നവർ ഉപയോഗിച്ച്കൊണ്ടേ ഇരിക്കും. കിട്ടാനില്ലെങ്കിൽ അവർ സ്വയം വാറ്റിയെടുക്കും. അത് കൂടുതൽ പ്രശ്നങ്ങൾക്ക് വഴിയൊരുക്കും. ഏതായാലും ഈ നിയമം കൊണ്ട് നിയമപാലകന്മാർ ധനികരാകും. കുറേ മനുഷ്യരുടെ ജീവിതം ദുസ്സഹമാകും. ഓരോ ബാറുകൾ പൂട്ടുമ്പോഴും എത്രയോ പേരുടെ ജോലി നഷ്ടപ്പെടുന്നു. എത്രയോ കുടുംബങ്ങൾ പട്ടിണിയിലാകുന്നു. ആരുണ്ടിവിടെ ചോദിക്കാൻ? ബ്രിട്ടീഷുകാരിൽ നിന്നും നമ്മൾ നാടൻ സായിപ്പന്മാരുടെ അടിമകളായി. ഒരിക്കലും മോചനം ലഭിക്കാത്ത പാവം അടിമകൾ.

ശ്രീ തമ്പി ആൻറണി അദ്ദേഹത്തിൻെറ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന പോലെ മദ്യപാനത്തിൻെറ ദൂഷ്യഫലങ്ങളെകുറിച്ച് മനുഷ്യരെ ബോധവാന്മാരാക്കുകയാണു ചെയ്യേണ്ടത്. അല്ലാതെ ഒരു സുപ്രഭാതത്തിൽ മദ്യഷാപ്പുകൾ അടച്ചാലൊന്നും ജനം കുടിക്കാതിരിക്കയില്ല. കുടുംബ കലഹങ്ങൾ ഉണ്ടാകാതിരിക്കാൻ പോകുന്നില്ല. എന്നാൽ

കൈക്കൂലി എന്ന മദ്യം അധികാരകസേരയിലിരിക്കുന്നവന്റെ കീശയിൽ തുള്ളി തുളുമ്പും.

ശുഭം